**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3892** **28-06-2024-ൽ മറുപടിയ്ക്ക്**

**<u>കെ ഡിസ്കിന്റെ പ്രവർത്തനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. കെ. രമ ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് 1955 പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സൊസൈറ്റിയാണോ കെ- ഡിസ്ക് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** അതെ. 1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച്, കെ- ഡിസ്കിനെ സൊസൈറ്റി ആയി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത സൊസൈറ്റി രജിസ്റ്റർ ചെയ്യുമ്പോൾ ഉണ്ടായിരുന്ന അംഗങ്ങളുടെ എണ്ണം എത്ര; നിലവിൽ പ്രസ്തുത സൊസൈറ്റിയിലുള്ള അംഗങ്ങളുടെ എണ്ണവും ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരുടെ എണ്ണവും അറിയിക്കാമോ;

**<u>മറുപടി:</u>** 33 ഭരണ സമിതി അംഗങ്ങളും 13 നിർവാഹക സമിതി അംഗങ്ങളും പ്രാരംഭ ഘട്ടം മുതൽ സൊസൈറ്റിയിൽ നിലവിലുണ്ട്. ഭരണ സമിതി, നിർവാഹക സമിതി അംഗങ്ങളിൽ മെമ്പർ സെക്രട്ടറി മാത്രമാണ് സൊസൈറ്റിയിൽ നിന്നും ശമ്പളം കൈപ്പറ്റുന്നത്.

കെ-ഡിസ്കിൽ നിന്നും കരാർ / ദിവസവേതന വ്യവസ്ഥയിൽ 135 ജീവനക്കാർ ശമ്പളം കൈപ്പറ്റുന്നുണ്ട്. കൂടാതെ, വിവിധ പദ്ധതികളുടെ ഭാഗമായി താത്കാലിക അടിസ്ഥാനത്തിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി)- പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് മുഖേന പ്രവർത്തിച്ചുവരുന്ന 77 ജീവനക്കാരും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി) - ടെക്നിക്കൽ റിസോർസ്സ് സെന്റർ മുഖേന പ്രവർത്തിച്ചുവരുന്ന 78 ജീവനക്കാരും ഗവ. സെക്രട്ടേറിയറ്റിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 21 ഉദ്യോഗസ്ഥരും കെ-ഡിസ്കിൽ നിന്നാണ് ശമ്പളം കൈപ്പറ്റുന്നത്.

**(സി)** കെ ഡിസ്കിന്റെ നിലവിലെ ശരാശരി പ്രതിമാസ പ്രവർത്തന ചെലവ് എത്ര രൂപയാണ്; ശമ്പളം, മറ്റിനങ്ങളിലെ ചെലവുകൾ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കെ-ഡിസ്കിന്റെ നിലവിലെ ശരാശരി പ്രതിമാസ പ്രവർത്തന ചെലവ് 4 കോടി 70 ലക്ഷം രൂപയാണ്. ഇതിൽ ശമ്പള ഇനത്തിൽ പ്രതിമാസ ശരാശരി 1 കോടി 10 ലക്ഷം രൂപയും പദ്ധതി പ്രവർത്തനങ്ങൾ ഉൾപ്പെടെ ഉള്ള മറ്റു ചെലവുകളുടെ പ്രതിമാസ ശരാശരി 3 കോടി 60 ലക്ഷം രൂപയുമാണ് .

**(ഡി)** നാളിതുവരെ കെ ഡിസ്ക് മുഖേന തൊഴിൽ ലഭ്യമായവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; ആയതിന് കെ ഡിസ്ക് വഹിച്ച പങ്ക് വ്യക്തമാക്കുമോ;

**മറുപടി:** നാളിതു വരെ കെ-ഡിസ്ക് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പ്ലാറ്റ്ഫോം മുഖേന നേരിട്ട് തൊഴിൽ ലഭ്യമാക്കിയവരുടെ വിവരങ്ങൾ ജില്ല തിരിച്ച് താഴെ ചേർക്കുന്നു.

| **ജില്ല** | **തൊഴിൽ ലഭിച്ചവർ** |
|---|---|
| ആലപ്പുഴ | 2972 |
| എറണാകുളം | 4442 |
| ഇടുക്കി | 1091 |
| കണ്ണൂർ | 2716 |
| കാസറഗോഡ് | 1140 |
| കൊല്ലം | 2963 |
| കോട്ടയം | 1752 |
| കോഴിക്കോട് | 2979 |
| മലപ്പുറം | 3314 |
| പാലക്കാട് | 4526 |
| പത്തനംതിട്ട | 1546 |
| തിരുവനന്തപുരം | 5286 |
| തൃശ്ശൂർ | 2837 |
| വയനാട് | 984 |
| **ആകെ** | **38548** |

കെ-ഡിസ്ക് വിവിധ തൊഴിൽ ദായകരെയും, ജോബ് അഗ്രിഗേറ്റർ ഏജൻസി കളെയും തൊഴിൽ അന്വേഷകരായ അപേക്ഷകരെയും DWMS എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ എത്തിക്കുകയും ഓരോ അപേക്ഷകർക്കും അവരുടെ യോഗ്യത, പ്രവൃത്തി പരിചയം എന്നിവയുടെ അടിസ്ഥാനത്തിൽ ലഭ്യമായ ഒഴിവുകളിൽ അപേക്ഷിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുന്നു. കൂടാതെ വിവിധങ്ങളായ നൈപുണ്യ പരിശീലന പരിപാടികൾ, റോബോട്ടിക് ഇന്റർവ്യൂ, ഇംഗ്ലീഷ് ഭാഷ വ്യുല്പത്തി പരിശോധിക്കുവാനുള്ള "ഇംഗ്ലീഷ് സ്കോർ", വർക്ക് റെഡിനെസ്സ് പരിശീലനം, കരിയർ കൗൺസലിംഗ്, പേഴ്സണാലിറ്റി വികസനം തുടങ്ങിയ പരിപാടികളിലൂടെ തൊഴിൽക്ഷമത വർധിപ്പിക്കുകയും തൊഴിലിനു തെരഞ്ഞെടുക്കപ്പെടുവാനുള്ള സാധ്യത വർധിപ്പിക്കുകയും ചെയ്യുന്നു .

കൂടാതെ തൊഴിൽദാതാക്കളോടു നിരന്തരമായി ബന്ധപ്പെട്ടു കൊണ്ട് അപേക്ഷകരുടെ സ്ക്രീനിംഗ്, ഇന്റർവ്യൂ തുടങ്ങിയ തെരഞ്ഞെടുപ്പ് രീതികൾ സംഘടിപ്പിച്ച് തൊഴിൽ ലഭ്യത ഉറപ്പു വരുത്തുന്നു.

**(ഇ)** പ്രസ്തുത പദ്ധതി മുഖേന ഏതൊക്കെ സ്ഥാപനങ്ങളിൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് ഓരോ സ്ഥാപനവും തിരിച്ച് ലഭ്യമാക്കുമോ;

**മറുപടി:** നാളിതു വരെ കെ-ഡിസ്ക് നേരിട്ട് ലഭ്യമാക്കിയ 38548 തൊഴിലുകളും അവ നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ സംബന്ധിച്ച പട്ടിക **അനുബന്ധം 1** ആയി ചേർത്തിട്ടുണ്ട്.

**(എഫ്)** 2026 ന മുൻപ് കെ ഡിസ്ക് മുഖേന ആകെ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത് ഏതൊക്കെ വിഭാഗങ്ങളിൽ എത്ര വീതം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ ആണ് ഉദ്ദേശിക്കുന്നത് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**മറുപടി:** കേരള നോളജ് ഇക്കോണമി മിഷന്റെ സ്ട്രാറ്റജി പേപ്പർ പ്രകാരം 2026-2027 വർഷത്തിനുള്ളിൽ കെ-ഡിസ്ക് മുഖേന 20 ലക്ഷത്തിൽപരം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാണ് വിഭാവനം ചെയ്യുന്നത്.

| Sl No. | Sector | Domestic demand (lakhs) | Remote jobs ( lakhs) | Total ( lakhs) |
|---|---|---|---|---|
| 1 | Infrastructure | 0.31 | 0.86 | 1.16 |
| 2 | Automobile (including EV) | 0.26 | 0.58 | 0.84 |
| 3 | Building and Construction | 0.49 | 0.27 | 0.77 |
| 4 | Textile & Clothing | 0.79 | 0.21 | 1.00 |
| 5 | Transport & Logistics | 0.26 | 0.47 | 0.73 |
| 6 | Organised Retail | 1.29 | 0.99 | 2.28 |
| 7 | Real Estate Services | 0.63 | 0.91 | 1.54 |
| 8 | Healthcare & Wellness | 1.91 | 0.95 | 2.86 |
| 9 | Food Processing | 1.39 | 0.28 | 1.67 |
| 10 | Education & Skill Development | 0.87 | 2.61 | 3.48 |
| 11 | Electronics & Automation | 0.16 | 0.87 | 1.03 |
| 12 | Information Technology & ITES | 0.07 | 1.47 | 1.54 |
| 13 | Digital Transformation in Various Sectors | 0.15 | 1.47 | 1.62 |
| 14 | Miscellaneous | 0.07 | 0.08 | 0.15 |
| | Total | 8.65 | 12.02 | 20.67 |

**സെക്ഷൻ ഓഫീസർ**